കൗൺസിലിനു നൽകുന്നതിനുവേണ്ടിയാണ് നികുതിയുടെ 5% ലൈബ്രറി സെസ്സ് (എൽ. സി.) ഈടാക്കുന്നത്. പ്രസ്തുത എൽ. സി. തുകയാണ് 25 രൂപ കെട്ടിട ഉടമയിൽനിന്നും ഈടാക്കിയിട്ടുള്ളത്. റീഫണ്ടു ചെയ്യാൻ നിയമമില്ല.

വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കുന്നതിന് നടപടി

104 [3801] *ശ്രീ. ടി. എം. ജേക്കബ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ പഞ്ചായത്ത് നിയമത്തിൽ വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിയമത്തിൽ വ്യവസ്ഥയില്ലെങ്കിൽ വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിന്റെ 291(2) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് സർക്കാർ വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ വീടുകളെ 2004-2005 രണ്ടാം അർദ്ധവർഷം മുതൽ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പഞ്ചായത്തുകളിലും ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കരിപ്പൂർ പഞ്ചായത്ത് രൂപീകരിക്കാൻ നടപടി

105 [3802] *ശ്രീ. കെ. എൻ. എ. ഖാദർ :*
,, യു. സി. രാമൻ :
,, ടി. പി. എം. സാഹിർ :
,, പി. കെ. കെ. ബാവ :
,, കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളം സ്ഥിതി ചെയ്യുന്ന കരിപ്പൂർ പ്രദേശം പള്ളിക്കൽ പഞ്ചായത്തിൽ നിന്നും വേർപ്പെടുത്തി കരിപ്പൂർ പഞ്ചായത്ത് എന്ന പേരിൽ ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly